അശോൻ സ്മാരകം.

* 1442. [26] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അശോൻസ് മാരകത്തിനു് കല്ലിട്ടിട്ട് എത്ര നാളായി ;

(ബി) സ്മാരകനിർമ്മാണം തുടങ്ങാത്തതു് എന്തുകൊണ്ടു് ;

(സി) മഹാകവി പാക്കുകയും കവിതകളും എഴുതുകയുംചെയ്ത കടിൽ അദ്ദേഹത്തിന്റെ അവകാശികളും പ്രതിഫലം കൂടാതെ ഗവണ്മെൻറിനെ ഏല്പിച്ചതാണോ ;

(ഡി) പുരയിടത്തിലെ നാളികേരവും മറ്റും ലേലംവിളിച്ചു് സർക്കാർ മുതൽക്കൂട്ടുകയല്ലേ ചെയ്യുന്നതു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 6 മാസമായി.

(ബി) സ്മാരകനിർമ്മാണത്തിനു് എസ്റ്റിമേറും പ്ലാനും തയാറായിട്ടുണ്ടു്. അതു് റിവൈസ് ചെയ്യേണ്ടിവന്നതുകൊണ്ടു് അല്പം താമസിച്ചുപോയി. ടെൻഡർ വിളിക്കാൻ ഏർപ്പാടുചെയ്തു.

(സി) അതേ.

(ഡി) ഗിഫ്റ്റ് ഡീഡിൽ ഇതിനെപ്പറ്റി പറഞ്ഞിട്ടില്ല. കെട്ടിടം വയ്ക്കുമ്പോൾ അവ ടെയുള്ള മരങ്ങൾ മുറിക്കേണ്ടിവരും. അതുവരെയുള്ള അനുഭവങ്ങൾ ഉടമസ്ഥനതന്നെ വിട്ടുകൊടുത്തിരിക്കുകയാണു്.

ശ്രീ. കെ. സി. ഏബ്രഹാം : സ്മാരകം പൊതുജനങ്ങളിൽനിന്നും സംഭാവനകൾ സ്വീകരിച്ചു് നിർമ്മിക്കാനാണോ ഗവണ്മെൻറിന്റെ ഉദ്ദേശം ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സ്മാരകം ബഹുമാനപ്പെട്ടമെമ്പർ ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒന്നല്ല. മഹാകവി ജീവിച്ച കാലത്തു താമസിച്ചിരുന്ന ഒന്നു രണ്ടു ചെറിയ കെട്ടിടങ്ങളും ഉണ്ടു്. ആ കെട്ടിടങ്ങൾ അതേമാതിരിതന്നെ സൂക്ഷിക്കാനും അദ്ദേഹം ഉപയോഗിച്ചിരുന്ന ഗ്രന്ഥങ്ങളും എഴുതിയിരുന്ന കയ്യെഴുത്തുപ്രതികളും സൂക്ഷിക്കാനും മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. ഗ്രന്ഥങ്ങളും മറ്റും സൂക്ഷിക്കുന്നതിനു സഹകരണപ്പെട്ട ഒരു ലൈബ്രറി കൂടി ഉണ്ടാക്കണമെന്നാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. കെ. സി. ഏബ്രഹാം : കായിക്കരവച്ചു നടന്ന യോഗം ഉൽഘാടനം ചെയ്തുകൊണ്ടു നിയമമന്ത്രി പറയുകയുണ്ടായി സ്മാരകത്തിനു് പൊതുജനങ്ങളിൽനിന്നും പണം പിരിച്ചെടുക്കണമെന്നും അതിനു് പൊതുജനങ്ങളും മുന്പോട്ടുവരണമെന്നും, അദ്ദേഹം പറഞ്ഞതും ഇപ്പോൾ വിദ്യാഭ്യാസമന്ത്രി പറഞ്ഞതും എങ്ങനെ പൊരുത്തപ്പെടുമെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കായിക്കര ഒരു സ്മാരകം ഉണ്ടാക്കുന്നതിനു് പൊതുജനങ്ങളിൽനിന്നും പണം പിരിക്കുന്നതിനു് ഒരു കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ടു്. അതും ഇതും രണ്ടാണു്.

മെഡിക്കൽ രജിസ്ട്രേഷൻ.

* 1443. [27] ശ്രീ. എൻ. ഇ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ ജില്ലകളിൽനിന്നു എത്ര പാരമ്പര്യ വൈദ്യന്മാർ രജിസ്ട്രേഷനുവേണ്ടി ഹർജികൾ അയച്ചിട്ടുണ്ടു് ;

(ബി) എത്രപേർ രജിസ്ട്രേഷനുവേണ്ടി പണം അടച്ചിട്ടുണ്ടു് ;

(സി) ഇവർക്കെല്ലാം രജിസ്ട്രേഷൻ കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ. എ. ആർ. മേനോൻ) :

(എ) 185 വൈദ്യന്മാർ 'ബി ക്ലാസ്സ്' രജിസ്ട്രേഷനു് അപേക്ഷിച്ചിട്ടുണ്ടു്.

(ബി) അപേക്ഷിച്ചവരെല്ലാം പണം അടച്ചിട്ടുണ്ടു്.

(സി) ഇല്ല. അവരുടെ അപേക്ഷകൾ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന്റെ മലബാറിലേയ്ക്കു കൂടി ബാധകമാക്കിയശേഷമേ പരിഗണിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: അതു് മലബാറിലേയ്ക്കു കൂടി ബാധകമാക്കുന്നതിനുള്ള തടസ്സം എന്താണു്?

ഡാക്ടർ എ. ആർ. മേനോൻ : അതിനു് ലീഗലായി നടപടിയെടുക്കണം. തരമുണ്ടെങ്കിൽ ഈ സെഷനിൽത്തന്നെ അതു ചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്. അതുവരെ ഉപദ്രവമുണ്ടാകാതിരിക്കുന്നതിനു് മദ്രാസ് രൂപപ്രകാരം അനുവാദം കൊടുത്തിട്ടുണ്ടു്.

ഹരിജന വിദ്യാർത്ഥികളുടെ ഹോസ്റ്റൽ.

* 1444. [28] ശ്രീ. കെ. കൊച്ചുകുട്ടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനവിദ്യാർത്ഥികളുടെ താമസസൗകര്യത്തിനായി വെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും സ്റ്റോറിൽ എവിടെയൊക്കെ ഹോസ്റ്റൽ നടത്തുന്നു, എവിടെയൊക്കെ ലാഡ്ജു് നടത്തുന്നു;

(ബി) ലാഡ്ജിൽ താമസിക്കുന്നവർ വാടക, ലൈറ്റു് മുതലായവയ്ക്കു പ്രത്യേകമായി പണം കൊടുക്കണമോ;

(സി) ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ സഹകരണസംഘങ്ങളിൽ ഏപ്പയിഡു് സെക്രട്ടറിമാരായും, സാങ്കേതിക പരിശീലന കേന്ദ്രങ്ങളിൽ ഇൻസ്ട്രക്ടറന്മാരായും എത്രപേരെ ഡയറക്ടർ നേരിട്ടു നിയമിക്കാൻ ഇടയായി;

(ഡി) നിയമനങ്ങൾസംബന്ധിച്ചു് ഗവണ്മെന്റുത്തരവിലെ അനുശാസനങ്ങൾ ഡയറക്ടർ ആഫ് ഹരിജൻ വെൽഫെയർ ലംഘിച്ചിട്ടുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഹരിജനവിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി 26 ഹരിജൻ ഹോസ്റ്റലുകളും 3 ഹരിജൻ ലാഡ്ജുകളും ഒരു കാസ്മോപോളിറ്റൻ ഹോസ്റ്റലും ഉണ്ടു്. ഇവയുടെ ഒരു ലിസ്റ്റു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ഈ ചെലവുകൾ സ്റ്റൈപെൻഡിൽനിന്നും നടത്തേണ്ടതാണു്.

(സി) മാസം 40-ൽ 45-ൽ രൂപവീതം സ്റ്റൈപെൻഡു കൊടുത്തുവരുന്നു. സ്വന്തം വീട്, പഠിക്കുന്ന കോളേജിൽനിന്നു 5 മൈലിനകലെയുള്ളവർക്കു് 45 രൂപാ വീതവും 5 മൈലിനുള്ളിൽ ഉള്ളവർക്കു് 40 രൂപാ വീതവുമാണു് കൊടുക്കുന്നതു്.

(ഡി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം കൊല്ലത്തു തുടങ്ങിയ ഒരു ഹോസ്റ്റൽ നിറുത്തിയിട്ടുണ്ടു്. ഹോസ്റ്റൽക്കെട്ടിടത്തിൽ വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ പുറത്തുള്ള ലാഡ്ജുകളിൽ പോയി താമസിക്കുന്നതിനു് കൂടികൂടി സ്റ്റൈപ്പെൻഡു് ആവശ്യപ്പെടുകയും, സൗകര്യമായി ഹോസ്റ്റൽ നടത്തുന്നതിനു് ആവശ്യമായ കെട്ടിടങ്ങൾ കിട്ടാതെവരികയും ചെയ്തതുകൊണ്ടാണു് കൊല്ലത്തു നടത്തിയിരുന്ന ഹോസ്റ്റൽ നിറുത്തിയതു്. മറ്റു ഹോസ്റ്റലുകളോ ലാഡ്ജുകളോ നിറുത്തിയിട്ടില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly